# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2319 18-12-2012-ലെ മറുപടിയ്ക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ബഹു: ധനകാര്യ വകുപ്പു മന്ത്രി<br>ശ്രീ. കെ.എം. മാണി |
| **(എ)** 12-ാം പഞ്ചവൽസര പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ സബ്സിഡി മാനദണ്ഡങ്ങളിൽ ജി.ഒ.(എം.എസ്) 229/12. തീയതി 25.08.2012 പ്രകാരം വൃദ്ധർക്ക് മരുന്നുകൾ നൽകുന്ന പദ്ധതിക്ക് സബ്സിഡി അനുവദനീയമല്ല എന്ന് പറഞ്ഞിരിക്കുന്നത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | 25.08.2012-ലെ ജി.ഒ.(എം.എസ്)നം.229/12/LSGD. നമ്പർ ഉത്തരവ് പ്രകാരം വൃദ്ധർക്ക് മരുന്ന്, കിറ്റ്, കമ്പിളി, കട്ടിലുകൾ, ഊന്നുവടി, മുതലായ ആരോഗ്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് പ്രോജക്ട് അനുവദനീയമല്ല. എന്നാൽ സമഗ്ര ആരോഗ്യ പരിപാടിയിൻകീഴിൽ ഹെൽത്ത് സെന്റർ വഴി രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള മരുന്നുകൾ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കേണ്ടതാണെന്നും ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുമുണ്ട്. |
| **(ബി)** സംസ്ഥാനത്ത് ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന വൃദ്ധജനങ്ങൾക്ക് ആയുർവ്വേദ മരുന്നുകൾ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് ഇതുമൂലം സാധിക്കാതെ വരുന്നു എന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് അനുസരിച്ച് സബ്സിഡി മാർഗ്ഗരേഖ പ്രകാരം ആശ്രയ പദ്ധതിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് മരുന്ന് വാങ്ങി നൽകുന്ന പ്രോജക്ട് നടപ്പാക്കാവുന്നതാണ്. സമഗ്ര ആരോഗ്യ പരിപാടിയുടെ ഭാഗമായി ഹെൽത്ത് സെന്റർ വഴി വൃദ്ധർ ഉൾപ്പെടെ എല്ലാ വിഭാഗക്കാർക്കും പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള മരുന്നുകൾ നൽകാവുന്നതാണ്. പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായും മരുന്ന് ലഭ്യമാക്കാവുന്നതാണ്. |
| **(സി)** വാർദ്ധക്യത്തിൽ ഇത്തരം ആളുകൾക്ക് ലഭിച്ചിരുന്ന ആശ്വാസ പദ്ധതി തുടരുന്നതിന് നടപടികൾ സ്വീകരിക്കാമോ; | ഗ്രാമപഞ്ചായത്തുകൾ/നഗരസഭകൾക്ക് മാനദണ്ഡങ്ങൾക്കനുസൃതമായി രൂപപ്പെടുത്തുന്ന പ്രോജക്ടുകൾ പ്രകാരം തുടർന്നും ആനുകൂല്യം ലഭ്യമാക്കാവുന്നതാണ്. |
| **(ഡി)** എങ്കിൽ അതിനായി പ്രത്യേക ഉത്തരവിറക്കാമോ; വിശദമാക്കുമോ? | ഉദിക്കുന്നില്ല. |

Jayasree M.A

അക്കൗണ്ട്സ് ഓഫീസർ